# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2084 — 11/02/2020-ൽ മറുപടിക്ക്

## ഹീമോഫീലിയ ചികിത്സ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) ഹീമോഫീലിയ രോഗികൾക്ക് രക്തസ്രാവം ഉണ്ടാകുമ്പോൾ രക്തം കട്ടപിടിക്കുന്നതിന് ആവശ്യമായ ഫാക്ടർ എട്ട്, ഒമ്പത് എന്നീ രക്തഘടകങ്ങൾ കുത്തിവെക്കുക മാത്രമാണോ ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനുള്ള ഏക മാർഗ്ഗം എന്ന് വ്യക്തമാക്കാമോ; | എ) രക്തം കട്ട പിടിക്കുന്നതിനുള്ള ഫാക്ടറുകളുടെ അഭാവം മൂലം ശരീരത്തിൽ ആന്തരികമായോ ബാഹ്യമായോ ഉണ്ടാകുന്ന മുറിവുകളിൽ നിന്നും രക്തം നിൽക്കാതിരിക്കുക എന്ന രോഗാവസ്ഥയാണ് ഹീമോഫീലിയ. രക്തം കട്ട പിടിക്കുന്നതിനാവശ്യമായ ഫാക്ടറുകൾ കുത്തി വച്ച് താത്കാലികമായി രക്തസ്രാവം തടയുക എന്നതാണ് നിലവിൽ ലഭ്യമായ ചികിത്സ.<br><br>ഹീമോഫീലിയ രോഗത്തിന് ജീൻ തെറാപ്പി ചികിത്സ കണ്ടു പിടിച്ചിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കിയിട്ടില്ല. |
| ബി) ഇതിനായി ഒരാൾക്ക് മാസത്തിൽ ഏകദേശം 25,000/- മുതൽ 50,000/- രൂപ വരെ ചെലവ് വരുമോ; സംസ്ഥാനത്ത് 1600 രോഗികളാണ് ഈ ഗണത്തിൽപ്പെട്ടവരായുള്ളത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | ബി) ഹീമോഫീലിയ രോഗത്തിന്റെ തരവും കാഠിന്യവുമനുസരിച്ച് വ്യത്യസ്ത മരുന്നുകൾ വ്യത്യസ്ത അളവിലും ആവശ്യവുമനുസരിച്ച് തവണകളായാണ് രോഗികൾക്ക് നൽകി വരുന്നത്. ഇതിന് ഒരു മാസത്തിൽ ഒരു രോഗിക്ക് ഏകദേശം 12,000 രൂപ മുതൽ 50,000 രൂപ വരെ വേണ്ടി വരുന്നു. എന്നാൽ ചില രോഗികൾക്ക് 50,000 രൂപയിൽ കൂടുതലായും അപൂർവ്വമായി മരുന്നുകൾ നൽകേണ്ടി വരുന്നുണ്ട്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മാത്രം 700-ൽ പരം ഹീമോഫീലിയ രോഗികൾ ചികിത്സ തേടി എത്തുന്നുണ്ട്.<br><br>നിലവിൽ കെ.ബി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഹീമോഫീലിയ രോഗത്തിന് മരുന്ന് ലഭിക്കുന്നവരുടെ എണ്ണം 1058 ആണ്. |

സെക്ഷൻ ഓഫീസർ